# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2572** 9/3/2017-ലെ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ തൊഴിൽ സാധ്യതയ്ക്കായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. കെ.ഡി.പ്രസേനൻ | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ ഭിന്നശേഷിക്കാരുടെ തൊഴിൽ സാധ്യതയ്ക്കായുള്ള എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) | ഭിന്നശേഷിക്കാരുടെ സമഗ്രതൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കേരള സർക്കാർ 'കൈവല്യ' എന്ന നവീന പദ്ധതി ആവിഷ്ക്കരിച്ച് 2016-17 സാമ്പത്തികവർഷം മുതൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ള 'ശരണ്യ' സ്വയംതൊഴിൽ സഹായ പദ്ധതിയിൽ ഭിന്നശേഷിക്കാരായ സ്ത്രീകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസത്തിനായി 'കൈവല്യ'പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | 'കൈവല്യ' പദ്ധതി ഈ സാമ്പത്തിക വർഷം (2016-17) മുതൽ നടപ്പിൽ വന്നിട്ടുണ്ട്. 15-02-2017-ൽ പദ്ധതി സംസ്ഥാനതലത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.<br>• ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങളുണ്ട്:<br>(1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്<br>(2) കപ്പാസിറ്റി ബിൽഡിംഗ്<br>(3) മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി. |

(4) പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതി.

1) ***വൊക്കേഷണൽ & കരിയർ ഗൈഡൻസ്:-***

രജിസ്റ്റർ ചെയ്തവരിൽ സമാന ഗ്രൂപ്പുകളെ കണ്ടെത്തി അവർക്ക് കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകുന്നതാണ്. ഗൈഡൻസും മോട്ടിവേഷനും സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആവശ്യമെങ്കിൽ രക്ഷിതാക്കളെകൂടി ഉൾപ്പെടുത്തുന്നതാണ്.

2) ***കപ്പാസിറ്റി ബിൽഡിംഗ്***

ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി അവരെ ലക്ഷ്യത്തിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ ഇതിലുൾപ്പെടുന്നു.

3) ***മത്സരപ്പരീക്ഷകൾക്കു തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി***

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ അയക്കുന്നതിനുൾപ്പെടെ സഹായിക്കുകയും തുടർപരിശീലനത്തിലൂടെ, ലക്ഷ്യത്തിലെത്തിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പരിശീലന കാലയളവിൽ സ്റ്റൈപ്പന്റ്, സൗജന്യ ഭക്ഷണം എന്നിവ നൽകുന്നതുമാണ്.

**4) പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതി:-**

ഭിന്നശേഷിയുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് 50,000 (അമ്പതിനായിരം) രൂപ വരെ പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പാ തുകയുടെ 50% സബ്സിഡി നൽകുന്നതുമാണ്. സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ബന്ധുവിനെക്കൂടി ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ;

സി) കൈവല്യ പദ്ധതിക്ക് ഈ സാമ്പത്തികവർഷം (2016-17) 50,01,000 (അമ്പതു ലക്ഷത്തി ആയിരം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്.

ഡി) ഭിന്നശേഷിക്കാർക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡി) കൈവല്യ പദ്ധതിയുടെ ഒരു ഘടക പദ്ധതിയായി മത്സരപ്പരീക്ഷകൾക്കു തയ്യാറെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. ഈ വർഷം പ്രസ്തുത പരിശീലന ക്ലാസ്സുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. തുടർ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ ലക്ഷ്യത്തിലെത്തിക്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ